95. പാലായിൽ 26 കോടി രൂപ ചെലവിൽ ഒരു സ്പിന്നിംഗ് മിൽ സ്ഥാപിക്കുന്നതാണ്. ഇതിനുള്ള ധനസഹായം എൻ.സി.ഡി.സി.യിൽനിന്നും ലഭ്യമാക്കുന്നതാണ്. ഇതിൽ കേരള സർക്കാരിന്റെ പ്രാരംഭവിഹിതമായി 100 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

കെ.എസ്.ഐ.ഡി.സി.

96. വ്യവസായ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന പതിവു പ്രവർത്തനങ്ങളിൽനിന്നു മാറി കെ.എസ്.ഐ.ഡി.സി. ഇത്തരം യൂണിറ്റുകളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്കാണ് ഇപ്പോൾ ഊന്നൽ നൽകിവരുന്നത്. കശുവണ്ടി, തടി, സമുദ്രഭക്ഷ്യവിഭവങ്ങൾ, കയർ, ആയുർവേദം തുടങ്ങിയ മേഖലകളുടെ പുനരുജ്ജീവനത്തിനായി കോർപ്പറേഷൻ പലവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിൻഫ്ര

97. കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ ചുവടുപിടിച്ച് കേരളത്തിൽ ഭക്ഷ്യസംസ്കരണ വ്യവസായം പരിപോഷിപ്പിക്കുന്നതിന് നോഡൽ ഏജൻസി എന്ന നിലയിൽ കിൻഫ്ര സുപ്രധാന പങ്കാണ് വഹിക്കുന്നത്. എറണാകുളം ജില്ലയിലെ കാക്കനാട്ടും പത്തനംതിട്ട ജില്ലയിലെ അടൂരും ഫുഡ് പാർക്കുകൾ സ്ഥാപിക്കുന്നതിന് കിൻഫ്ര നടപടികൾ സ്വീകരിക്കുന്നതാണ്.

മൈനിംഗും ജിയോളജിയും

98. മുൻകാല പഠനങ്ങളുടെ വെളിച്ചത്തിൽ പുതിയ ഖനിജങ്ങൾ കണ്ടെത്തുന്നതിനായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സർവ്വേ നടത്തുന്നതാണ്.

പരമ്പരാഗത വ്യവസായങ്ങൾ

99. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി കയർ വകുപ്പ് ചില പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾവഴിയും പൊതുമേഖലാസ്ഥാപനങ്ങൾ മുഖേനയും കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനവും വിപണനവും പ്രോൽസാഹിപ്പിക്കുന്നതിനായി ഉൽപ്പാദന വിപണന പ്രോൽസാഹന ധനസഹായമായി 150 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു. 2005-06 വർഷത്തിൽ ഏതാണ്ട് 30000 വനിതകൾക്ക് നെയ്ത്ത് ജിയോ-ടെക്സ്റ്റയിൽ മേഖലയിൽ സ്വയംസഹായസംഘപദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. കയർമേഖലയുടെ ഗവേഷണ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു ദേശീയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ആലപ്പുഴയിലെ കയർ ക്ലസ്റ്റർ പദ്ധതിക്കുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാനവിഹിതമായി ഞാൻ 45 ലക്ഷം രൂപ വകയിരുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

100. കേരള കശുവണ്ടി വികസന കോർപ്പറേഷനിലെയും കാപ്പെക്സിലെയും ഫാക്ടറികൾ ഈ വർഷവും തുറന്നു പ്രവർത്തിക്കേണ്ടതിലേക്കായി ഈ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതാണ്.

101. കേന്ദ്ര സിൽക്ക് ബോർഡ് ശുപാർശ ചെയ്തപ്രകാരം സംസ്ഥാനത്തെ പട്ടുനൂൽ വ്യവസായ പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കുന്നതും ഇത്തരം പ്രവർത്തനങ്ങൾക്ക് ശരിയായ ദിശാബോധം നൽകുന്നതുമാണ്. പട്ടുനൂൽ നെയ്ത്ത് പരിപോഷിപ്പിക്കുന്നതും കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതുമാണ്. കേരള സിൽക്കിന്റെ വിപണന സംവിധാനം കാര്യക്ഷമമാക്കുന്നതാണ്.

102. കൊച്ചിയിൽ ഒരു കരകൗശല വികസന പരിശീലന വിപണന കേന്ദ്രവും രണ്ടു പ്രധാന കേന്ദ്രങ്ങളിൽ നാടൻ കരകൗശല വികസന ഗ്രാമങ്ങളും സ്ഥാപിക്കുന്നതാണ്. 2005-06-ൽ ഏറ്റവും മികച്ച കരകൗശല വിദഗ്ദ്ധനെ ആദരിക്കുന്നതിനായി സംസ്ഥാന പുരസ്കാരം ഏർപ്പെടുത്തുന്നതാണ്.

103. ക്ഷയിച്ചുകൊണ്ടിരിക്കുന്ന കരകൗശല സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി പ്രത്യേക ഫണ്ട് ഏർപ്പെടുത്തുന്നതാണ്. ഇതിനായി 40 ലക്ഷം രൂപ ഞാൻ ബജറ്റിൽ വകയിരുത്തുന്നു.

104. 2005-06 വർഷത്തിൽ ഖാദി ഗ്രാമവ്യവസായ ബോർഡ് ഗൾഫ് രാജ്യങ്ങളിലേക്ക് ഷർട്ട്, പർദ്ദ, ചുരിദാറുകൾ തുടങ്ങിയ റെഡിമെയ്ഡ് വസ്ത്രങ്ങൾ കയറ്റി അയയ്ക്കുന്നതിന് ഉദ്ദേശിക്കുന്നു. കൊല്ലം, ആലപ്പുഴ, പയ്യന്നൂർ, ചങ്ങനാശ്ശേരി എന്നിവിടങ്ങളിലെ ഖാദി യൂണിറ്റുകൾവഴിയാണ് ഇവ ഉൽപ്പാദിപ്പിക്കുന്നത്. പേപ്പർ കപ്പ്, പേപ്പർ ബാഗ് എന്നിവ തൃശ്ശൂർ, പയ്യന്നൂർ എന്നിവിടങ്ങളിലെ ഉൽപ്പാദനകേന്ദ്രങ്ങളിൽ നിർമ്മിക്കുന്നതാണ്.

105. പയ്യന്നൂരിൽ ഈ വർഷം ഖാദി ക്ലസ്റ്റർ വികസനത്തിനായി നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായുള്ള ചെലവിലേക്ക് 25 ലക്ഷം രൂപ ഞാൻ ബജറ്റിൽ വകയിരുത്തുന്നു.

106. എല്ലാ ഉൽപ്പാദന കേന്ദ്രങ്ങളിലേക്കുമുള്ള വിവിധതരം വെള്ളിനൂലുകൾ ലഭ്യമാക്കുന്നതിന് കണ്ണൂർ ജില്ലയിലെ എട്ടുകുടുക്കയിലെ സിൽവർ പ്രോജക്ട് ആധുനികവൽക്കരിക്കുന്നതാണ്.

107. സേലത്ത് പ്രവർത്തിക്കുന്ന ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജിയുടെ മാതൃകയിൽ കേന്ദ്രസഹായം സ്വീകരിച്ചുകൊണ്ട് ഒരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി സ്ഥാപിക്കുന്നതിന് സംസ്ഥാന വിഹിതമായി 100 ലക്ഷം രൂപ ഞാൻ ബജറ്റിൽ വകയിരുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly